"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശു വികസന വകുപ്പ് - 2026-27 സാമ്പത്തിക വർഷം- പോഷകബാല്യം പദ്ധതി - പുതുക്കിയ നിരക്കിൽ പാൽ വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയും, പാലിന്റെ വില ക്രമീകരിക്കുന്നതിനു കീഴ്‌കാര്യാലയ മേധാവികൾക്ക് നിർദ്ദേശം നൽകിയ നടപടിയും, പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് മുൻകൂറായി കീഴ്‌കാര്യാലയങ്ങൾക്ക് നൽകിയ നടപടിയും സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.227/2026/WCDD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.198/2026/WCDD തീയതി 04/06/2026
2. വനിതാ-ശിശു വികസന ഡയറക്ടറുടെ 18/06/2026 തീയതിയിലെ DWCD/7520/2025-ICDSB1 നമ്പർ കത്ത്

**ഉത്തരവ്**

അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 3 ദിവസം മുട്ടയും, 3 ദിവസം പാലും എന്ന രീതിയിൽ അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന പോഷകബാല്യം പദ്ധതി 2026-27 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ഒരു ലിറ്റർ പാലിന് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ₹60/- രൂപ കണക്കാക്കി, ഒരു കുട്ടിക്ക് ഒരു ദിവസം 125ml പാൽ, ആഴ്ചയിൽ 3 ദിവസം വീതം 52 ആഴ്ച (12 മാസം) നൽകുന്നതിന് ₹32,42,00,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് ജൂൺ 1 മുതൽ മിൽമ പാൽ വില ലിറ്ററിന് ₹4/-രൂപ നിരക്കിൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ലിറ്ററിന് ₹64/-രൂപ നിരക്കിൽ പാൽ വിതരണം ചെയ്യുന്നതിനു അനുമതി നൽകണമെന്നും, നടപ്പ് സാമ്പത്തിക വർഷത്തിൽ (ജൂൺ 1 മുതൽ ) ഈ ഇനത്തിൽ അധികമായി ആവശ്യമുള്ള തുകയുടെ വിശദാംശം വനിതാ-ശിശു വികസന ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ഒരു കുട്ടിക്ക് ഒരു ദിവസം നൽകുന്ന പാലിന്റെ അളവ് | 125 ml |
| ഒരു കുട്ടിക്ക് ഒരു ആഴ്ചയിൽ നൽകുന്ന പാലിന്റെ അളവ് | 375 ml (125x3) |
| ഒരു കുട്ടിക്ക് 44 ആഴ്ച വേണ്ട പാലിന്റെ അളവ്(ഏപ്രിൽ, മെയ് | 16,500 ml/16.5 L |

| | |
|---|---|
| ഒഴികെ) | (375 ml x 44) |
| പാൽ വിലയിൽ വർദ്ധന ഉണ്ടായ സാഹചര്യത്തിൽ ഒരു ലിറ്റർ പാലിന് (ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ) അധികമായി ആവശ്യമുള്ള തുക. | 4/- രൂപ |
| അങ്കണവാടിയിലെ ശരാശരി ഗുണഭോക്താക്കളുടെ എണ്ണം | 2,60,000 എണ്ണം |
| 3 വയസു മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് 44 ആഴ്ച പാൽ നൽകുന്നതിന് അധികമായി ആവശ്യമായ തുക | (260000 x 16.5 ltrs x4) = 1,71,60,000/- |
| 2026-27 സാമ്പത്തിക വർഷത്തിൽ പാൽ വിതരണത്തിന് ആകെ ആവശ്യപ്പെട്ടിരുന്ന തുക (ഭരണാനുമതി ലഭ്യമായത്) (കുട്ടികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, പാലിന്റെ LHT പാലിന്റെ കമ്പോള വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടെ മറ്റ് ആകസ്മിക ചെലവുകൾക്കായി വെച്ച 2,00,00,000/- രൂപ ഉൾപ്പടെ ) | 32,42,00,000/- |
| പാൽ വില 4 രൂപ വർധനവ് വന്ന സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷത്തിൽ പാൽ വിതരണത്തിന് അധികമായി ആവശ്യമുള്ള തുക. | **₹1,71,60,000/-** |

(2) സംസ്ഥാനത്ത് ജൂൺ 1 മുതൽ മിൽമ പാൽ വില ലിറ്ററിന് 4/-രൂപ നിരക്കിൽ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അങ്കണവാടികൾ വഴി നടപ്പിലാക്കുന്ന പോഷകബാല്യം പദ്ധതിയ്ക്ക് ഫീഡിംഗ് തടസ്സം നേരിടാതിരിക്കുന്നതിന് പുതുക്കിയ മിൽമ പാൽ വിലയ്ക്ക് (2026 ജൂൺ 1 പ്രാബല്യത്തിൽ) അനുസൃതമായി അങ്കണവാടിയിലൂടെ നിലവിൽ വിതരണം ചെയ്യുന്ന പാലിന്റെ വില ക്രമീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണന്ന നിർദ്ദേശം കീഴ്ഓഫീസുകൾക്ക് നൽ കിയിട്ടുണ്ടെന്നും, പദ്ധതിയ്ക്ക് തടസ്സം വരാതിരിക്കുന്നതിനായി 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേക്ക് ആവശ്യമായ ഫണ്ട് മുൻകൂറായി കീഴ്ഓഫീസുകൾക്ക് നൽ കിയിട്ടുണ്ടെന്നും, പരാമർശം (2) പ്രകാരം വനിതാ-ശിശു വികസന ഡയറക്ടർ

അറിയിച്ചിട്ടുണ്ട് .

(3) 2026 ജൂൺ മാസം മുതൽ മിൽമ പാലിന് 4/- രൂപ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ലിറ്ററിന് 64/- രൂപ ചിലവഴിക്കുന്നതിന് അനുമതി നൽകണമെന്നും, അങ്കണവാടികൾ വഴി നടപ്പിലാക്കുന്ന പോഷകബാല്യം പദ്ധതിയ്ക്ക് ഫീഡിംഗ് തടസ്സം നേരിടാതിരിക്കുന്നതിന് 2026 ജൂൺ 1 പ്രാബല്യത്തിൽ പുതുക്കിയ പാൽ വിലയ്ക്ക് അനുസൃതമായി അങ്കണവാടിയിലൂടെ നിലവിൽ വിതരണം ചെയ്യുന്ന പാലിന്റെ വില ക്രമീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണന്ന നിർദ്ദേശം കീഴ്കാര്യാലയ മേധാവികൾക്ക് നൽകിയ നടപടിക്കു സാധൂകരണം ലഭ്യമാക്കണമെന്നും, കൂടാതെ പദ്ധതിയ്ക്ക് തടസ്സം വരാതിരിക്കുന്നതിനായി 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേക്ക് പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് ഭരണാനുമതി ലഭ്യമാകുന്നതിനു മുൻപ് തന്നെ മുൻകൂറായി കീഴ്കാര്യാലയങ്ങൾക്ക് നൽകിയ നടപടിയ്ക്കും സാധൂകരണം ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിൽമ പാൽ വില ലിറ്ററിന് 4/-രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ ലിറ്ററിന് 64/- രൂപ നിരക്കിൽ പോഷകബാല്യം പദ്ധതിയുമായി ബന്ധപ്പെട്ട് പാൽ വിതരണം ചെയ്യുന്നതിനു അനുമതി നൽകിയും, പദ്ധതി തടസ്സം കൂടാതെ നടപ്പാക്കുന്നതിനായി 2026 ജൂൺ 1 പ്രാബല്യത്തിൽ പുതുക്കിയ പാൽ വിലയ്ക്ക് അനുസൃതമായി അങ്കണവാടിയിലൂടെ നിലവിൽ വിതരണം ചെയ്യുന്ന പാലിന്റെ വില ക്രമീകരിക്കുന്നതിനു കീഴ്കാര്യാലയ മേധാവികൾക്ക് നിർദ്ദേശം നൽകിയ നടപടിക്കും, 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേക്ക് പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ട് ഭരണാനുമതി ലഭ്യമാകുന്നതിനു മുൻപ് തന്നെ മുൻകൂറായി കീഴ്കാര്യാലയങ്ങൾക്ക് നൽകിയ നടപടിയ്ക്കും സാധൂകരണം നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പാൽ വില വർദ്ധനവ് മൂലമുണ്ടായ അധിക ചെലവ്(₹1,71,60,000/- രൂപ ) മറ്റ് ആകസ്മിക ചെലവുകൾ എന്ന ഇനത്തിൽ മാറ്റി വെച്ചിട്ടുള്ള തുകയിൽ പരിമിതപ്പെടുത്തുന്നത് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-1/167/2026-FIN(E:3547317) തീയതി 06/07/2026)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 07-07-2026 14:24:53

സെക്ഷൻ ഓഫീസർ